# വേദനയുടെ നിറം

**ഇന്ദുചൂഡൻ കിഴക്കേടം**

വേദനയിൽ തുടങ്ങി വേദനയിലൊടുങ്ങുന്ന ഒരു വിഷമവൃത്തമാണ് ജീവിതമെന്ന് എനിക്കു തോന്നാറുണ്ട്. അതിനിടയിലുണ്ടാകുന്ന ആനന്ദങ്ങളുടെ മുന്നിലോ പിന്നിലോ പരിസരത്തോ വേദനയുടെ നിറം വീണു കിടപ്പുണ്ടാകാം. എന്താണ് വേദനയുടെ നിറം? കറുപ്പ് വേദനയുടെ നിറമാണ് എന്ന് കരുതപ്പെടുന്നു. അതേ സമയം അവസരം കിട്ടുമ്പോൾ വെളുപ്പും ചുവപ്പും നീലയുമൊക്കെ വേദനയുടെ കൂടെ കൂടുന്നു. അങ്ങനെ വരുമ്പോൾ വേദനയ്ക്കൊരു കൃത്യനിറമില്ലെന്നാകുന്നു.

നിറങ്ങളില്ലാത്ത ഒരു ശൂന്യതയോടെയാണ് എന്റെ സുഹൃത്തിന്റെ മരണക്കിടക്കയ്ക്കരികിൽനിന്ന് ഞാൻ മടങ്ങിപ്പോന്നത്. മരണത്തിലൂടെയല്ലാതെ തന്റെ രോഗം പിൻവാങ്ങില്ലെന്നറിഞ്ഞ ആദ്യനേരത്ത് അദ്ദേഹം അലമുറയിട്ടു. വളരെ പെട്ടെന്ന് അദ്ദേഹം സംയമനം വീണ്ടെടുത്തു.

പിന്നീട് ഞാൻ കാണാൻ കാണാൻ ചെല്ലുമ്പോഴൊക്കെ നിറഞ്ഞ ചിരിയോടെ അദ്ദേഹമെന്നെ നേരിട്ടു. രോഗവിവരം ഞാൻ തിരക്കുന്നതിനുമുൻപു തന്നെ തനിക്കു സുഖമുണ്ടെന്ന് അദ്ദേഹം നുണ പറഞ്ഞു. മരിക്കാൻ പോകുന്നവരുടെ നുണകൾ മാപ്പാക്കപ്പെടുമെന്നു മുൻപൊരിക്കലും നുണ പറഞ്ഞിട്ടില്ലാത്ത സുഹൃത്തു വിചാരിച്ചിരിക്കാം.

തെറ്റായ ജീവിതചര്യകൊണ്ടാണ് രോഗം പിടിപെടുന്നതെന്ന എന്റെ ന്യായത്തെ അപ്പാടെ കടപുഴക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ അനുഭവം. ശരീരത്തിന് അഹിതമാകുന്നതൊന്നും ഒരിക്കൽപ്പോലും അദ്ദേഹം ചെയ്തുകണ്ടിട്ടില്ല. അദ്ദേഹത്തെ രോഗം വളഞ്ഞു പിടിക്കുമ്പോൾ വാദമുഖങ്ങൾ ഒന്നാകെ തകർന്ന് ഞാൻ നിരായുധനായി. രോഗത്തെ നേരിടാൻ അദ്ദേഹം സമാഹരിച്ച കരുത്ത് എന്റെ തീരാവിസ്മയമാണ്. ഒരാൾക്കതു സാധിക്കുമെന്നുള്ള എന്റെ ഒരേയൊരു നേരനുഭവമായിരുന്നു അത്. തന്റെ സ്വതഃസിദ്ധമായ പൊട്ടിച്ചിരി അവസാന ദിവസംവരെ അദ്ദേഹം ഉപേക്ഷിച്ചില്ല.

രോഗം പലതരം ശരീരാവസ്ഥകളിൽ ഒന്നാണെന്നും നാമതു സ്വീകരിച്ചേ പറ്റുവെന്നും ഒരിക്കൽ അദ്ദേഹം പറഞ്ഞിരുന്നു. എന്റെ കുഴപ്പം പിടിച്ച ഘട്ടങ്ങളിലൊക്കെ തുണയായിരുന്ന അദ്ദേഹത്തെ ഒരു തരത്തിലും സഹായിക്കാനാവുന്നില്ലല്ലോ എന്ന് ഞാൻ ഖിന്നനായി. രോഗം ഒറ്റയ്ക്കനുഭവിക്കേണ്ടതാണെന്ന് അദ്ദേഹം തീരുമാനിച്ചിരിക്കാം. സുനിശ്ചിതമായ മരണത്തിനു മുന്നിൽ ഒരാൾക്ക് ഇങ്ങനെ ധീരനാകാൻ കഴിയുമെന്നു വിശ്വസിക്കുവാൻ ഞാനിപ്പോഴും പാടുപെടുന്നു.

• • • • • • • • • • • • • • •